**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 627** **08-10-2024 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തിലെ സ്വകാര്യ വ്യവസായപാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ അനുമതി നൽകിയ തിരുവമ്പാടി മണ്ഡലത്തിലെ സ്വകാര്യ വ്യവസായ പാർക്കിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കാരശ്ശേരി പഞ്ചായത്തിൽ സ്വകാര്യ വ്യവസായ പാർക്കിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സ്വകാര്യ വ്യവസായ പാർക്ക് ആയതിനാൽ പാർക്കിനകത്ത് വിഭാവനം ചെയ്യുന്ന വ്യവസായ പദ്ധതികൾ എന്തെല്ലാമാണെന്ന് ഡെവലപ്പറുടെ വിവേചനാധികാരത്തിൽ വരുന്നതാണ്. അവ നിലവിൽ നിശ്ചയിച്ചിട്ടില്ല. |
| (ബി) | പദ്ധതികളുടെ നിലവിലെ അവസ്ഥയും അവ എപ്പോൾ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | വ്യവസായ പാർക്കിന് 15/11/2023 നാണ് അനുമതി നൽകിയിട്ടുള്ളത്. നിലവിൽ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നുണ്ട്. പെർമിറ്റിലെ വ്യവസ്ഥ പ്രകാരം രണ്ട് വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതാണ്. അതിനു ശേഷം വിവിധ വ്യവസായ സംരംഭങ്ങൾക്ക് പാർക്കിൽ പ്രവർത്തനം ആരംഭിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ